പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1044

25.01.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഡി.കെ.മുരളി : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ നിയമങ്ങൾ പാലിക്കുന്നവയും പാലിക്കാത്തവയുമായ സ്ഥാപനങ്ങളെ വേർതിരിച്ചറിയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ തൊഴിലാളി ഇതര സമൂഹ്യ വിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തുവാനും ആയതിന്റ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകാനും ഉദ്ദേശിക്കുന്നു. സ്ഥാപന പരിശോധനകളിലൂടെ തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാ തലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (ഇ) മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. |
| (ബി) തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുക; വിശദമാക്കമോ? | (ബി) തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും നിയമ ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ 2017-ൽ 46376 സ്ഥാപന പരിശോധനകൾ നടത്തുകയും 6089 പ്രോസിക്യൂഷനും 558 ക്ലെയിം പെറ്റീഷനും |

ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധനകളും നടത്തുന്നു. 2016 ൽ ടെക്സ്റ്റൈൽ മേഖലയിലും 2017 ൽ സ്വകാര്യ ആശുപത്രികൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലും സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്.

Sreeded

**സെക്ഷൻ ഓഫീസർ**